**മധുരമായ കുട്ടികളേ– നിങ്ങളുടെ ഹൃദയത്തിൽ സത്യതയും ശുദ്ധതയും ഉണ്ടാകുമ്പോഴേ നിങ്ങൾ പറയുന്ന സത്യമായ കാര്യങ്ങളാകുന്ന അമ്പ് തറക്കൂ, നിങ്ങൾക്ക് സത്യമായ ബാബയുടെ കൂട്ട് ലഭിച്ചിരിക്കുന്നു അതിനാൽ സത്യതയുള്ളവരായി മാറു.**

**ചോദ്യം:–** നിങ്ങൾ എല്ലാവരും വിദ്യാർത്ഥികളാണ്, നിങ്ങൾക്ക് ഏതൊരു കാര്യത്തെപ്രതിയാണ് തീർച്ചയായും ചിന്തയുണ്ടായിരിക്കേണ്ടത്?
**ഉത്തരം:–** എപ്പോഴെങ്കിലും തെറ്റ് പറ്റിയാൽ സത്യം പറയണം, സത്യം പറയുന്നതിലൂടെയേ ഉന്നതിയുണ്ടാകൂ. നിങ്ങൾ മറ്റുള്ളവരിൽ നിന്നും സേവനം എടുക്കരുത്. അഥവാ ഇവിടെ സേവനം എടുക്കുകയാണെങ്കിൽ അവിടെ ചെയ്യേണ്ടിവരും. നിങ്ങൾ വിദ്യാർത്ഥികൾ നല്ലരീതിയിൽ പഠിച്ച് മറ്റുള്ളവരേയും പഠിപ്പിക്കുകയാണെങ്കിൽ ബാബയും സന്തുഷ്ടനാകും. ബാബ സ്നേഹസാഗരനാണ്, നിങ്ങൾ കുട്ടികളെ പഠിപ്പിച്ച് ഉയർന്ന പദവിയിലെത്തിക്കുന്നു എന്നതുതന്നെയാണ് ബാബയുടെ സ്നേഹം.

**ഗീതം:–** ആരാണ് ഈ കളികളെല്ലാം രചിച്ചത്.....

**ഓം ശാന്തി.** ഞങ്ങൾ ഗീതാജയന്തി ആഘോഷിക്കുകയാണ് എന്ന വാർത്തകൾ ഇക്കാലത്ത് വരാറുണ്ട്. ഗീയയ്ക്ക് ജന്മം നൽകിയത് ആരാണ് എന്നതാണ് ഇപ്പോൾ വിഷയം. ജയന്തി എന്നു പറയുമ്പോൾ തീർച്ചയായും ജന്മമുണ്ടായില്ലേ. ശ്രീമത് ഭഗവത്ഗീതാ ജയന്തി എന്നു പറയുമ്പോൾ ജന്മം നൽകാൻ തീർച്ചയായും ഒരാൾ വേണ്ടേ. എല്ലാവരും പറയുന്നു ശ്രീകൃഷ്ണ ഭഗവനുവാചാ. എങ്കിൽ ശ്രീകൃഷ്ണൻ ആദ്യം വരണം, ഗീത പിന്നാലെയാവും. ഇപ്പോൾ ഗീതയ്ക്ക് തീർച്ചയായും രചയിതാവ് വേണം. അഥവാ ശ്രീകൃഷ്ണനെ പറയുകയാണെങ്കിൽ ആദ്യം ശ്രീകൃഷ്ണൻ, പിന്നാലെ ഗീത വരണം. പക്ഷേ ശ്രീകൃഷ്ണൻ ചെറിയ കുട്ടിയായിരുന്നു ശ്രീകൃഷ്ണന് ഗീത കേൾപ്പിക്കാൻ സാധിക്കില്ല. ഗീതയ്ക്ക് ജന്മം നൽകുന്നത് ആരാണ്? എന്നത് തെളിയിക്കണം. ഇത് ഗുഹ്യമായ കാര്യമാണ്. കൃഷ്ണൻ മാതാവിന്റെ ഗർഭത്തിൽ ജന്മമെടുക്കുകയാണ്, സത്യയുഗത്തിലെ രാജകുമാരനാണ്. കൃഷ്ണൻ ഗീതയിലൂടെ രാജയോഗം അഭ്യസിച്ചാണ് സ്വയം രാജകുമാരനായത്. ഇപ്പോൾ ഗീതയ്ക്ക് ജന്മം നൽകുന്നത് ആരാണ്? പരമപിതാ പരമാത്മാവോ അതോ കൃഷ്ണനോ? ശ്രീകൃഷ്ണനെ വാസ്തവത്തിൽ ത്രിലോകങ്ങളുടേയും നാഥൻ, ത്രികാലദർശി എന്നൊന്നും പറയാൻ സാധിക്കില്ല. ത്രിലോകങ്ങളുടേയും നാഥൻ, ത്രികാലദർശി എന്ന് ഒരാളെയാണ് പറയുക. ത്രിലോകങ്ങളുടേയും നാഥൻ അർത്ഥം മൂന്നുലോകങ്ങളേയും ഭരിക്കുക. മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം ഇവ മൂന്നിനേയുമാണ് ത്രിലോകങ്ങൾ എന്നു പറയുന്നത് ഇവയെ അറിയുന്നവരായ ത്രിലോകങ്ങളുടേയും നാഥൻ, ത്രികാലദർശി പരമപിതാ പരമാത്മാശിവനാണ്, ഈ മഹിമ ശിവബാബയുടേതാണ് കൃഷ്ണന്റേതല്ല. 16 കലാസമ്പൂർണ്ണൻ, സർവ്വഗുണ സമ്പന്നൻ..... ഇതെല്ലാമാണ് കൃഷ്ണന്റെ മഹിമ. കൃഷ്ണനെ ചന്ദ്രന്റെ നിലാവുമായി ഉപമിക്കുന്നു. പരമാത്മാവിനെ ചന്ദ്രന്റെ നിലാവുമായി ഉപമിക്കാറില്ല. ബാബയുടെ കർത്തവ്യം തന്നെ വേറെയാണ്. ബാബ ഗീതയ്ക്ക് ജന്മം നൽകിയ രചയിതാവാണ്. ഗീതയിലെ ജ്ഞാനം അഥവാ രാജയോഗത്തിലൂടെയാണ് ദേവതകൾ സൃഷ്ടിക്കപ്പെടുന്നത്. മനുഷ്യനെ ദേവതയാക്കി മാറ്റുന്നതിനുവേണ്ടി അച്ഛന് വന്ന് ജ്ഞാനം നൽകേണ്ടി വരുന്നു. ഇപ്പോൾ ഇത് മനസ്സിലാക്കിക്കൊടുക്കാൻ വളരെ സമർത്ഥരായ ബ്രഹ്മാകുമാരന്മാരും കുമാരിമാരും വേണം. എല്ലാവർക്കും ഒരുപോലെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. കുട്ടികളും നമ്പർവൈസാണ്. ശ്രീമത് ഭഗവത്ഗീതയ്ക്ക് ജന്മം നൽകിയത് ആരാണ്? എന്ന വിഷയം വെയ്ക്കണം. ഇതിനായി വ്യത്യാസം മനസ്സിലാക്കിക്കൊടുക്കണം. ഭഗവാൻ ഒന്നേയുള്ളു– പരമപിതാ പരമാത്മാശിവൻ. ആ ജ്ഞാനസാഗരനിൽ നിന്നും ജ്ഞാനം കേട്ടാണ് കൃഷ്ണൻ ഈ പദവി പ്രാപ്തമാക്കിയത്. സഹജരാജയോഗത്തിലൂടെ ഈ പദവി എങ്ങനെ നേടി എന്നത് മനസ്സിലാക്കിക്കൊടുക്കണം. ബ്രഹ്മാവിലൂടെ അച്ഛൻ ആദ്യം ബ്രാഹ്മണരെ രചിക്കുന്നു. മുഴുവൻ വേദ–ശാസ്ത്രങ്ങളുടേയും സാരം കേൾപ്പിക്കുന്നു. ബ്രഹ്മാവിനൊപ്പം ബ്രഹ്മാമുഖവംശാവലികളും വേണം. ബ്രഹ്മാവിനാണ് ത്രികാലദർശിത്വത്തിന്റെ ജ്ഞാനം ലഭിക്കുന്നത്. ത്രിലോകി അർത്ഥം മൂന്നുലോകങ്ങളുടേയും ജ്ഞാനമുള്ളവർ. ആദി, മദ്ധ്യ, അന്ത്യത്തെ ചേർത്തിയാണ് മൂന്നുകാലങ്ങൾ എന്നുപറയുന്നത് പിന്നെ മൂന്നുലോകങ്ങൾ അർത്ഥം മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം. ഈ വാക്ക് ഓർമ്മിക്കണം. ഒരുപാടുകുട്ടികൾ മറന്നുപോകുന്നു. ദേഹ– അഹങ്കാരമാകുന്ന മായയാണ് മറപ്പിച്ചത്. അതിനാൽ ഗീതയുടെ ഭഗവാൻ പരമപിതാ പരമാത്മാശിവനാണ് അല്ലാതെ കൃഷ്ണനല്ല. പരമപിതാ

പരമാത്മാവാണ് ത്രിലോകങ്ങളുടേയും നാഥനും ത്രികാലദർശിയും. കൃഷ്ണനിൽ അഥവാ ലക്ഷ്മീനാരായണന്മാരിൽ ഈ ജ്ഞാനം ഇല്ലേയില്ല. തീർച്ചയായും ആരാണോ അച്ഛനിൽ നിന്നും ഈ ജ്ഞാനം നേടിയത് അവർ വിശ്വത്തിന്റെ അധികാരികളായി മാറി. സദ്ഗതി ലഭിച്ചുകഴിഞ്ഞാൽ പിന്നെ ഈ ജ്ഞാനം ബുദ്ധിയിൽ നിന്നും മായുന്നു. എല്ലാവരുടേയും സദ്ഗതിദാതാവ് ആ ഒരാളാണ്. അവർ പുനർജന്മങ്ങൾ എടുക്കുന്നയാളല്ല. പുനർജന്മം ആരംഭിക്കുന്നത് സത്യയുഗത്തിന്റെ തുടക്കത്തിൽ നിന്നാണ്. കലിയുഗത്തിന്റെ അവസാനം വരെ 84 ജന്മങ്ങൾ എടുക്കുന്നു. ഇത് മനസ്സിലാക്കിക്കൊടുക്കണം. എല്ലാവരും 84 ജന്മങ്ങൾ എടുക്കില്ല. ആരാണോ ഈ ഗീത എഴുതിയത് അവരെ ത്രികാലദർശി എന്നു പറയില്ല. ആദ്യമേ എഴുതിയിട്ടുണ്ട് ശ്രീകൃഷ്ണ ഭഗവാനുവാചാ. ഇത് തീർത്തും തെറ്റാണ്. തീർച്ചയായും തെറ്റാവുകതന്നെ വേണം. എപ്പോഴാണോ മുഴുവൻ ശാസ്ത്രങ്ങളും തെറ്റാകുന്നത് അപ്പോഴേ അച്ഛന് വന്ന് ശരി പറഞ്ഞുതരാൻ പറ്റൂ. ബ്രഹ്മാവിലൂടെ മുഴുവൻ വേദശാസ്ത്രങ്ങളുടേയും സത്യമായ സാരം കേൾപ്പിക്കുകയാണ് അതിനാലാണ് ഭഗവാനെ സത്യം എന്നുവിളിക്കുന്നത്. ഇപ്പോൾ നിങ്ങളുടെ സംഗം സത്യവുമായിട്ടാണ് അതിനാൽ നിങ്ങളേയും സത്യമാക്കുന്നു.

പ്രജാപിതാ ബ്രഹ്മാവും അവരുടെ മുഖവംശാവലികളും ഇത് ജഗദംബ സരസ്വതിയാണ്. പ്രജാപിതാവിന്റെ മുഴുവൻ കുട്ടികളും പരസ്പരം സഹോദരീ സഹോദരന്മാരാണ്. എവിടെ വേണമെങ്കിലും ക്ഷേത്രങ്ങളിൽ ചെന്ന് പ്രഭാഷണം ചെയ്യാം. ചുറ്റിക്കറങ്ങാൻ അവിടേയ്ക്ക് വളരെപ്പേർ വരും. ഒരാൾ മനസ്സിലാക്കിയാലും അവിടെ സത്സംഗമുണ്ടാകും. ശ്മശാനത്തിലും പോകണം. അവിടെ മനുഷ്യർക്ക് വൈരാഗ്യം ഉണ്ടാകും. പക്ഷേ ബാബ പറയുന്നു എന്റെ ഭക്തന്മാർക്ക് മനസ്സിലാക്കിക്കൊടുത്താൽ അവർ പെട്ടെന്ന് മനസ്സിലാക്കും. അതിനാൽ ശിവബാബയുടേയും ലക്ഷ്മീനാരായണന്മാരുടേയും ക്ഷേത്രങ്ങളിലേയ്ക്കു പോകണം. ലക്ഷ്മീ നാരായണനെ ബാബാ മമ്മാ എന്നു വിളിക്കില്ല. ശിവബാബയെ ബാബാ എന്നു വിളിക്കുന്നു എങ്കിൽ മമ്മയും ഉണ്ടാകും, എന്നാൽ അവർ ഗുപ്മാണ്. രചയിതാവായ ശിവബാബയെ മാതാപിതാവ് എന്ന് എന്തുകൊണ്ടാണ് വിളിക്കുന്നത്, ഈ ഗുപ്തമായ കാര്യം ആർക്കും അറിയാൻ കഴിയില്ല. ലക്ഷ്മീ നാരായണന്മാർക്ക് അവരുടേതായി ഒരേഒരു കുട്ടിയാണുണ്ടാവുക. പിന്നെ ഇദ്ദേഹത്തിന്റെ പേര് പ്രജാപിതാ ബ്രഹ്മാവ് എന്നാണ്. വിഷ്ണുവിനേയും ശങ്കരനേയും ഉയർന്നവരാക്കി വെയ്ക്കുന്നില്ല. ത്രിമൂർത്തീ ബ്രഹ്മാവിനേയാണ് ഉയർന്നതായി കാണിക്കുന്നത്. എങ്ങനെയാണോ ശിവപരമാത്മാവിനെ രചയിതാവ് എന്ന് വിളിക്കുന്നത് അതുപോലെ ബ്രഹ്മാവിനേയും രചയിതാവ് എന്ന് വിളിക്കുന്നു. ബാബ അവിനാശിയല്ലേ. രചയിതാവ് എന്നു പറയുമ്പോൾ ചോദിക്കണം– എങ്ങനെയാണ് രചിച്ചത്? അച്ഛൻ രചയിതാവ് തന്നെയാണ്. ബാക്കി രചനയുണ്ടാകുന്നത് ബ്രഹ്മാവിലൂടെയാണ്. ഇപ്പോൾ ബ്രഹ്മാവിലൂടെ പരമാത്മാവ് എല്ലാവർക്കും സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നു. വേദ ശാസ്ത്രങ്ങളെല്ലാം ഭക്തി മാർഗ്ഗത്തിന്റെ സാമഗ്രികളാണ്. ഭക്തിമാർഗ്ഗം അരകല്പം നടക്കുന്നു, ഇത് ജ്ഞാനകാണ്ഢമാണ്. ഭക്തി മാർഗ്ഗം പൂർത്തിയാകുമ്പോൾ എല്ലാവരും പതിതരും തമോപ്രധാനവുമായി മാറുന്നു അപ്പോഴാണ് അച്ഛനായ ഞാൻ വരുന്നത്. ആദ്യം സതോപ്രധാനം പിന്നീട് അതിൽ നിന്നും സതോ, രജോ, തമോയിലേയ്ക്ക് വരുന്നു. മുകളിൽ നിന്നും വരുന്ന പവിത്ര ആത്മാക്കൾ ദുഃഖം അനുഭവിക്കാൻവേണ്ടി ഒരു കർമ്മവും ചെയ്തിട്ടില്ല. ക്രിസ്തുവിനെ കുരുശിൽ കയറ്റി എന്നു കാണിക്കുന്നു പക്ഷേ ഇത് സാധ്യമല്ല. ധർമ്മസ്ഥാപനാർത്ഥം വരുന്ന പുതിയ ആത്മാക്കൾക്ക് ദുഃഖം ലഭിക്കുകയില്ല എന്തുകൊണ്ടെന്നാൽ അവർ കർമ്മാതീത സ്ഥിതിയിൽ നിന്നും സന്ദേശകരായി ധർമ്മം സ്ഥാപിക്കാൻ വന്നതാണ്. യുദ്ധത്തിൽ പോലും സന്ദേശവാഹകൻ വെള്ളനിറത്തിലുള്ള കൊടി കാണിക്കും ഇതിലൂടെ അവർക്ക് മനസ്സിലാകും ഇവർ സന്ദേശം നൽകാൻ വന്നിരിക്കുകയാണ് ഇവർക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാക്കാൻ പാടില്ല. അതിനാൽ സന്ദേശവാഹകനെ ഒരിയ്ക്കലും കുരിശിൽ തറയ്ക്കാൻ കഴിയില്ല. ദുഃഖം അനുഭവിക്കുന്നത് ആത്മാവുതന്നെയാണ്. ആത്മാവ് നിർലേപമല്ല, ഇത് എഴുതണം. ആത്മാവിനെ നിർലേപം എന്നു പറയുന്നത് തെറ്റാണ്. ഇത് ആരാണ് പറഞ്ഞത്? ശിവഭഗവാനുവാചാ. ഈ പോയിന്റ്സ് നിങ്ങൾ കുറിച്ചുവെക്കണം, എഴുതുന്നതിന് വളരെ വിശാലബുദ്ധിവേണം. മനസ്സിലാക്കു പ്രദർശിനികളിൽ ക്രിസ്ത്യൻസ് വരുകയാണെങ്കിൽ അവരോടും പറയാൻ സാധിക്കും ക്രിസ്തുവിന്റെ ആത്മാവിനെ കുരിശിൽ കയറ്റിയിട്ടില്ല. ബാക്കി ആരിലാണോ ക്രിസ്തു പ്രവേശിച്ചത് അവർക്കാണ് ദുഃഖം ഉണ്ടായത്. ഇങ്ങനെയുള്ള കാര്യങ്ങൾ കേട്ട് അവർ അത്ഭുതപ്പെടും. ആ പവിത്ര ആത്മാവ് വന്ന് ധർമ്മം സ്ഥാപിച്ചു. ഈശ്വരീയ പിതാവിന്റെ നിർദ്ദേശം അനുസരിച്ച്. ഇതും ഡ്രാമയാണ്. ഡ്രാമയാണെന്ന് ചിലർ മനസ്സിലാക്കുന്നുണ്ട് എന്നാൽ അതിന്റെ ആദി മദ്ധ്യ അന്ത്യത്തെ അറിയുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ കേട്ട് അവർ എന്തെങ്കിലും മനസ്സിലാക്കാനുള്ള പരിശ്രമം ചെയ്യും. കൃഷ്ണനെ ഗ്ലാനിചെയ്യാനും ആർക്കും സാധിക്കില്ല. ഇപ്പോൾതന്നെ ഗ്ലാനികൾ ലഭിക്കുന്നുണ്ട് ആർക്ക്? ശിവബാബയ്ക്കല്ല, ഈ സാകാരബാബയ്ക്ക്. ടീച്ചർ ബാബയാണ് ബാബ പവിത്രാത്മാവാണ് എന്നാൽ ബ്രഹ്മാവ് അപവിത്രമാണ് ഇപ്പോൾ പവിത്രമാവുകയാണ്. ആരാണോ മനസ്സിലാക്കിയത് അവർ സമയം

നഷ്ടപ്പെടുത്തില്ല. ഇല്ലെങ്കിൽ കരുതും ഇതു പഠിപ്പിച്ചിട്ടുള്ളതാണ്. പക്ഷേ ആ കാര്യം ആർക്കും ദഹിക്കില്ല. ലക്ഷ്യത്തിൽ അമ്പ് തറയ്ക്കില്ല. സത്യതയും ശുദ്ധതയും വളരെ ആവശ്യമാണ്. സ്വയം വികാരിയായവർ മറ്റുള്ളവരോട് പറയുകയാണ് കാമം മഹാശത്രുവാണ് എങ്കിൽ അത് ലക്ഷ്യത്തിൽ എത്തില്ല. പണ്ഢിതന്റെ ഉദാഹരണമുണ്ടല്ലോ– രാമരാമാ എന്നു പറയുന്നതിലൂടെ നദി അല്ലെങ്കിൽ സാഗരത്തെ മറികടക്കാൻ കഴിയും. ഇത് ഇപ്പോഴത്തെ കാര്യമാണ്. ശിവബാബ പറയുന്നു എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ ഈ വിഷയസാഗരത്തെ മറികടക്കും. ഏത് സാഗരം? ഇത് പണ്ഢിതന് അറിയില്ല. വേശ്യാലയത്തിൽ നിന്നും ശിവാലയത്തിലെത്തും. വളരെ നല്ലരീയിൽ ശ്രീമത്തിലൂടെ നടക്കണം. പറയാറില്ലേ ബാബാ സ്നേഹിച്ചാലും ശരി, നിരാകരിച്ചാലും ശരി......... ഇവിടെ കേവലം മനസ്സിലാക്കിത്തരുന്നു, എന്നിട്ടും ചിലർ മരിച്ചതുപോലെയിരിക്കുന്നു. കുട്ടികൾ എഴുതുകയും പഠിക്കുകയും വേണം. അച്ഛൻ സ്നേഹസാഗരനാണ് അർത്ഥം പഠിപ്പിച്ച് ഉയർന്ന ലക്ഷ്യത്തിലെത്തിക്കുന്നു. ഇതാണ് സ്നേഹം. അച്ചൻ പഠിപ്പിക്കുമ്പോൾ പഠിച്ച് മറ്റുള്ളവരേയും പഠിപ്പിക്കണം. അച്ഛനെ സന്തോഷിപ്പിക്കണം. അച്ഛന്റെ സേവനത്തിൽ താല്പര്യമുള്ളവരായിരിക്കണം. അച്ഛന്റെ സേവനം ഇതുതന്നെയാണ് തന്റെ ശരീരം മനസ്സ് ധനത്തിലൂടെ ഭാരതത്തിന്റെ സത്യമായ സേവനം ചെയ്യണം. നിങ്ങൾ വളരെ ഉറച്ചശബ്ദത്തിൽ മനസ്സിലാക്കിക്കൊടുക്കണം. എല്ലാവരും നമ്പർവൈസാണ്, രാജധാനിയിലും നമ്പർവൈസ് ആയിരിക്കും. ടീച്ചർക്ക് മനസ്സിലാക്കാൻ പറ്റും ഇവർ ദൈവീക രാജധാനിയിൽ ഏത് പദവി പ്രാപ്തമാക്കും. സേവനത്തിലൂടെ മനസ്സിലാക്കും ആര് ആരെല്ലാം മുഖ്യമാകും. സ്വയം മനസ്സിലാക്കാനും സാധിക്കും ഞാൻ മമ്മാ ബാബ ചെയ്യുന്നത്ര സേവനം ചെയ്യുന്നില്ല അതിനാൽ പോയി ദാസദാസിയാകേണ്ടിവരും. മുന്നോട്ട് പോകവേ നിങ്ങൾക്ക് മുഴുവൻ കാര്യങ്ങളും മനസ്സിലാക്കാൻ സാധിക്കും. ഞാൻ ശ്രീമത്തിലൂടെ നടക്കുന്നില്ല, എല്ലാം വ്യക്തമാകും. നിങ്ങൾ കുട്ടികൾ ഈ സമയത്ത് വിദ്യാർത്ഥികളാണ്, ഈ സമയത്ത് നിങ്ങൾ നിങ്ങൾക്ക് ദാസികളെ ഉണ്ടാക്കിയാൽ സ്വയം ദാസിയാകേണ്ടിവരും. ഇവിടെ മഹാറാണിയാവുന്നത് ദേഹാഭിമാനമാണ്. സത്യം പറയണം ബാബാ ഞാനത് മറന്നുപോയി. ഇപ്പോൾ എല്ലാവരും സമ്പൂർണ്ണമായി മാറിയിട്ടില്ല. പരീക്ഷയിൽ തോറ്റുപോകുമ്പോൾ ലജ്ജിക്കുകയും ചെയ്യുന്നു.

ബാബയ്ക്ക് രാത്രിയിൽ ചിന്തയിതാണ് മനുഷ്യൻ 21 ജന്മങ്ങൾ എന്നു പറയുന്നു, പാട്ടുമുണ്ട്, ഇപ്പോഴുള്ള ഈ ഈശ്വരീയ ജന്മം വേറിട്ടതാണ്. 8 ജന്മം സത്യയുഗത്തിൽ, 12 ജന്മം ത്രേതയിൽ, 21 ജന്മം ദ്വാപരത്തിൽ, 42 ജന്മം കലിയുഗത്തിൽ. നിങ്ങളുടെ ദത്തെടുക്കപ്പെട്ട ഈ ഈശ്വരീയ ജന്മം സർവ്വശ്രേഷ്ഠമാണ്. നിങ്ങൾ ബ്രാഹ്മണരുടെ സൗഭാഗ്യശാലീ ജന്മമാണിത്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:–

1) സ്നേഹസാഗരനായ ബാബയുടെ സ്നേഹത്തിന് റിട്ടേൺ നൽകണം, നല്ലരീതിയിൽ പഠിച്ച് പിന്നീട് പഠിപ്പിക്കണം. ശ്രീമതത്തിലൂടെ നടക്കണം.

2) സത്യതയോടെയും ശുദ്ധതയോടെയും ആദ്യം സ്വയം ധാരണചെയ്ത് പിന്നീട് മറ്റുള്ളവരെക്കൊണ്ട് ധാരണചെയ്യിക്കണം. ഒരച്ഛന്റെ കൂട്ടുകെട്ടിൽ ഇരിക്കണം.

## വരദാനം:– നിമിത്ത ആത്മാക്കളുടെ നിർദ്ദേത്തിന്റെ മഹത്വത്തെ അറിഞ്ഞ് പാപങ്ങളിൽ നിന്ന് മുക്തമായി തീരുന്ന വിവേകശാലിയായി ഭവിക്കൂ

ആരാണോ വിവേകശാലികളായ കുട്ടികൾ അവർ ഒരിക്കലും ഇങ്ങനെ ചിന്തിക്കില്ല ഈ നിമിത്ത ആത്മാക്കൾ എന്ത് നിർദ്ദേശമാണോ നൽകിക്കൊണ്ടിരിക്കുന്നത് ഒരുപക്ഷേ ആരെങ്കിലും പറഞ്ഞത് പറയുന്നതായിരിക്കും. നിമിത്തമായിട്ടുള്ള ആത്മാക്കളെ പ്രതി ഒരിക്കലും ഈ വ്യർത്ഥ സങ്കൽപം കൊണ്ടുവരരുത്. കരുതൂ ഇങ്ങനെ ഏതെങ്കിലും തീരുമാനം നൽകുകയാണ് അത് താങ്കൾക്ക് ശരിയായി തോന്നുന്നില്ല, എന്നാൽ താങ്കൾ അതിൽ ഉത്തരവാദിയല്ല, താങ്കളുടെ പാപമുണ്ടാകില്ല എന്തുകൊണ്ടെന്നാൽ ആരാണോ ഇവരെ നിമിത്തമാക്കിയത് ആ ബാബ, പാപത്തേയും പരിവർത്തനപ്പെടുത്തും, ഇത് ഗുപ്തമായ രഹസ്യമാണ്, ഗുപ്ത മിഷനറിയാണ്.

**സ്ലോഗൻ:- സത്യസന്ധർ അവരാണ് ആരാണോ പ്രഭു പ്രിയരും വിശ്വ പ്രിയരുമായിട്ടുള്ളത്, വിശ്രമ പ്രിയരല്ലാത്തത്.**

**മാതേശ്വരിജിയുടെ മധുര മഹാവാക്യം:**

**"മനുഷ്യരുടേത് 84 ജന്മങ്ങളാണ്, അല്ലാതെ 84 ലക്ഷം ജന്മങ്ങളല്ല"**

പ്രഭൂ ഞങ്ങൾ കുട്ടികളെ അക്കരയിലേക്ക് കൊണ്ടു പോകൂ ഇങ്ങനെ നമ്മൾ പറയാറുണ്ടല്ലോ, ഇതിൽ അക്കരയുടെ അർത്ഥം എന്താണ്? ലോകർ മനസ്സിലാക്കുന്നത് അക്കരയുടെ അർത്ഥമെന്നാൽ ജനന മരണത്തിന്റെ ചക്രത്തിലേക്ക് വരാതിരിക്കുക അർത്ഥം മുക്തി പ്രാപിക്കുക എന്നാണ്. ഇത് മനുഷ്യരുടെ പറച്ചിലാണ്, എന്നാൽ പരമാത്മാവ് പറയുന്നത് കുട്ടികളേ, യഥാർത്ഥ സുഖ-ശാന്തി എവിടെയുണ്ടോ, ദുഃഖ അശാന്തി ദൂരെയാണോ, അതിനെ ലോകമെന്ന് പറയില്ല. മനുഷ്യർ സുഖമാഗ്രഹിക്കുമ്പോൾ അത് ഈ ജീവിതത്തിൽ തന്നെ ആയിരിക്കണം, സത്യയുഗീ ദേവീ-ദേവതകളുടെ ലോകമുണ്ടായിരുന്നപ്പോൾ അവിടെ സദാ സുഖീ ജീവിതമായിരുന്നു, ആ ദേവതകളെയാണ് അമരന്മാരെന്ന് പറഞ്ഞിരുന്നത്. ഇപ്പോൾ അമരമെന്നതിന്റെയും അർത്ഥം മനസ്സിലാക്കാറില്ല, ദേവതകളുടെ ആയുസ്സ് ഇത്രയും വലുതായിരുന്നു അവർ മരിക്കാറേയില്ല അങ്ങനെയല്ല, അവരീപറയുന്നത് തെറ്റാണ് എന്തുകൊണ്ടെന്നാൽ അങ്ങനെയല്ല. സത്യ ത്രേതായുഗത്തോളം നീണ്ടതല്ല അവരുടെ ആയുസ്സ്, മറിച്ച് ദേവീ-ദേവതകൾ സത്യ-ത്രേതാ യുഗത്തിൽ ധാരാളം ജന്മങ്ങളെടുക്കുന്നുണ്ട്, 21 ജന്മം അവർ വളരെ നല്ല രാജ്യം നടത്തിയിട്ടുണ്ട് പിന്നീട് 63 ജന്മം ദ്വാപരം മുതൽ കലിയുഗത്തിന്റെ അന്ത്യം വരേയ്ക്കും, ആകെ അവരുടെ ജന്മം ഉയർന്ന കലയിലെ 21 ഉം ഇറങ്ങുന്ന കലയിലെ 63 ഉം, ആകെ മനുഷ്യർ 84 ജന്മങ്ങളാണ് എടുക്കുന്നത്. അല്ലാതെ 84 ലക്ഷം ജന്മങ്ങളെന്ന് മനുഷ്യർ ഈ പറയുന്നത് തീർത്തും തെറ്റാണ്. മനുഷ്യ ജന്മത്തിൽ തന്നെ സുഖ-ദുഃഖത്തിന്റെ പാർട്ടനുഭവിക്കാൻ സാധിക്കുമെങ്കിൽ പിന്നീട് മൃഗങ്ങളുടെ യോനിയിൽ അനുഭവിക്കേണ്ട എന്താവശ്യമാണുള്ളത്. ഇപ്പോൾ മനുഷ്യർക്ക് ഈ ജ്ഞാനം തന്നെയില്ല, മനുഷ്യൻ 84 ജന്മമാണെടുക്കുന്നത്, ബാക്കി സൃഷ്ടിയിൽ മുഴുവൻ മൃഗങ്ങളും പക്ഷികളും തുടങ്ങി എല്ലാം ചേർന്ന് 84 ലക്ഷം വർഗ്ഗങ്ങൾ തീർച്ചയായും ഉണ്ട്. ഏതെല്ലാം തരത്തിലുള്ള ജീവികളാണുള്ളത്, അതിൽ മനുഷ്യൻ, മനുഷ്യ ജന്മത്തിൽ തന്നെയാണ് തന്റെ പാപ പുണ്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. മറ്റു മൃഗങ്ങൾ അവരവരുടെ ശരീരത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ മൃഗത്തിന്റെ ജന്മത്തിലേക്കും വരുന്നില്ല മൃഗം മനുഷ്യ ജന്മത്തിലേക്കും വരുന്നില്ല. മനുഷ്യന് മനുഷ്യ ജന്മത്തിൽ തന്നെയാണ് അനുഭവങ്ങളെല്ലാം അനുഭവിക്കേണ്ടതായുള്ളത് അതുകൊണ്ടാണ് സുഖത്തിന്റെയും ദുഃഖത്തിന്റെയും അനുഭവം വരുന്നത്. ഇതുപോലെ തന്നെ മൃഗത്തിനും തന്റെ ജന്മത്തിൽ സുഖവും ദുഃഖവും അനുഭവിക്കണം. എന്നാൽ അവക്ക് ഈ അനുഭവം ഏത് കർമ്മത്തിലൂടെയാണ് ഉണ്ടായത്, ഇത് മനസ്സിലാക്കാനുള്ള ബുദ്ധിയില്ല. അത്തരം അനുഭവങ്ങളും ഫീൽ ചെയ്യുന്നത് മനുഷ്യരാണ് എന്തുകൊണ്ടെന്നാൽ മനുഷ്യരാണ് ബുദ്ധിവാൻമാർ, അല്ലാതെ മനുഷ്യർ 84 ലക്ഷം ജന്മങ്ങളെടുക്കുന്നു അങ്ങനെയില്ല. ഇത് വളരെ സഹജവും വിവേകത്തിന്റെ കാര്യവുമാണ് അതായത് ജഡ വൃക്ഷങ്ങളുമുണ്ട്, ജഡമായ വൃക്ഷം കാർമ്മിക കണക്ക് ഉണ്ടാകുന്നതിനായി എന്ത് കർമ്മ-അകർമ്മങ്ങളാണ് ചെയ്തിട്ടുള്ളത്, ഏതുപോലെയാണോ ഗുരുനാനാക്ക് സാഹേബ് ഈ മഹാവാക്യം ഉച്ചരിച്ചിട്ടുള്ളത് - അന്തിമ സമയത്ത് ആരാണോ പുത്രനെ ഓർമ്മിക്കുന്നത്, ഇങ്ങനെയുള്ള ചിന്തയിൽ ആര് മരിക്കുന്നോ അവർ വരാഹ യോനിയിൽ ജന്മമെടുക്കും.... എന്നാൽ ഈ പറയുന്നതിന്റെ അർത്ഥം മനുഷ്യൻ പന്നിയായി ജന്മമെടുക്കും എന്നല്ല എന്നാൽ പന്നി എന്നതിന്റെ അർത്ഥം ആ മനുഷ്യരുടെ കർത്തവ്യം ഇങ്ങനെ മൃഗങ്ങളുടേതിന് സമാനമായിരിക്കും എന്നാണ്. അല്ലാതെ മനുഷ്യൻ മൃഗമാകും അങ്ങനെയല്ല. ഇത് മനുഷ്യരിൽ ഭയമുളവാക്കുന്നതിനായി ശിക്ഷണം നൽകുന്നതാണ്. അതുകൊണ്ട് സ്വയം തന്റെ ജീവിതത്തെ ഈ സംഗമ സമയത്ത് പരിവർത്തനപ്പെടുത്തി പാപാത്മാവിൽ നിന്ന് പുണ്യാത്മാവാകണം. ശരി - ഓം ശാന്തി.